## പതിമൂന്നാം കേരള നിയമസഭ

## പതിനഞ്ചാം സമ്മേളനം

### നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 138, 30/11/2015-ലെ മറുപടിക്ക്

### അക്കൗണ്ടുകളിൽ നിന്ന് വ്യാജമായി പണം പിൻവലിക്കൽ

| ചോദ്യം | ഉത്തരം |
|---|---|
| **ശ്രീ. കെ. വി. അബ്ദുൾ ഖാദർ** | **ശ്രീ. ഉമ്മൻചാണ്ടി**<br>**ബഹു. മുഖ്യമന്ത്രി** |

| | | | |
|---|---|---|---|
| (എ) | മരണപ്പെട്ടവരുടേതുൾപ്പെടെ പെൻഷൻ അക്കൗണ്ടുകളിൽ നിന്ന് തുടർച്ചയായി പണം പിൻവലിച്ചു കൊണ്ടിരുന്ന സംഭവം കൊടുങ്ങല്ലൂർ സബ്ട്രഷറിയിലുണ്ടാവുകയുണ്ടായോ ; | : | ഉണ്ട്. |
| (ബി) | ഇക്കാര്യത്തിൽ ഏത് നിലയിലുള്ള അന്വേഷണമാണ് നടക്കുന്നത്; കുറ്റക്കാരായവർ ആരൊക്കെ; എത്ര തവണകളായി എത്ര തുക അനധികൃതമായി പിൻവലിക്കപ്പെട്ടു; | : | ഈ വിഷയത്തിൽ ട്രഷറി ഡയറക്ടർ വിശദമായ അന്വേഷണം നടത്തുന്നുണ്ട്. കൂടാതെ ഇതു സംബന്ധിച്ച അന്വേഷണം നടത്താൻ വിജിലൻസ് വകുപ്പിനോട് ആവശ്യപ്പെട്ടിട്ടുണ്ട്. എൻക്വയറിയുടെ റിപ്പോർട്ട് ലഭ്യമായാലേ കുറ്റക്കാരായവർ ആരൊക്കെയാണെന്ന് കൃത്യമായി പറയാൻ സാധിക്കുകയുള്ളൂ. പ്രാഥമിക അന്വേഷണത്തിൽ 403 പ്രാവശ്യമായി 59,46,000/- (അൻപത്തിഒൻപതു ലക്ഷത്തി നാൽപ്പത്തിയാറായിരം രൂപ) അനധികൃതമായി പിൻവലിച്ചതായി കണ്ടെത്തിയിട്ടുണ്ട്. വിശദമായ അന്വേഷണത്തിന്റെ റിപ്പോർട്ട് ലഭ്യമായാലേ ഇതിന്റെ യഥാർത്ഥ കണക്ക് അറിയാൻ കഴിയുകയുള്ളൂ. |
| (സി) | തട്ടിപ്പ് നടത്തിയവർ ആരെങ്കിലും ഇപ്പോൾ സർവ്വീസിലുണ്ടോ; അവർക്കെതിരെ സ്വീകരിച്ച എടുത്ത നടപടി വിശദമാക്കാമോ; | : | കൊടുങ്ങല്ലൂർ സബ് ട്രഷറിയിലെ പണാപഹരണവുമായി ബന്ധപ്പെട്ട് എട്ട് ജീവനക്കാരെ സസ്പെന്റ് ചെയ്യുകയുണ്ടായി. അതിൽ ഒരാൾ സർവ്വീസിൽ നിന്നും റിട്ടയർ ചെയ്യുകയുണ്ടായി. മറ്റ് ഏഴ് പേരും ഇപ്പോൾ സസ്പെൻഷനിലാണ് |
| (ഡി) | ട്രഷറികളിൽ നിന്ന് യഥാർത്ഥ അക്കൗണ്ട് ഉടമകൾ അറിയാതെയും മരിച്ചവരുടെ പേരിലും തുക പിൻവലിക്കുന്നില്ലെന്ന് സംസ്ഥാനത്തെ എല്ലാ ട്രഷറികളിലും ഉറപ്പാക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ | | സ്വീകരിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ